(ബി) സംസ്ഥാനത്തെ വിവിധ വകുപ്പുകൾ, പൊതുജനങ്ങൾക്ക് അറിയിപ്പുകൾ നൽകുന്നതിലേക്കും, ഇ-മെയിൽ കമ്മ്യൂണിക്കേഷൻ നടത്തുന്നതിനും വേണ്ടി അടിസ്ഥാന തലത്തിലുള്ള വെബ്സൈറ്റുകൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇ-പ്രൊക്യൂർമെന്റ്, എം-ഗവേണൻസ് തുടങ്ങിയ ആപ്ലിക്കേഷനുകൾ വിവിധ വകുപ്പുകളിൽ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. അഞ്ചുലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ കരാറുകൾക്കും ഇ-പ്രൊക്യൂർമെന്റ് പദ്ധതി നിർബന്ധമാക്കിയതുവഴി മുഴുവൻ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും ബോർഡുകളും ഇ-ഗവേണൻസ് പദ്ധതിയുടെ പരിധിയിൽ വരുന്നതാണ്. ഇ-ഓഫീസ്, ഡി.ഡി.എഫ്.എസ്. മുതലായ ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നതിലൂടെ വിവിധ വകുപ്പുകൾ കടലാസ് രഹിത ഓഫീസുകളായിട്ടുണ്ട്.

ഇ-ഫയൽ സമ്പ്രദായം

198(2400) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ വകുപ്പുകളിലും ഇ-ഫയൽ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പൊതുജനങ്ങൾക്കും അപേക്ഷകർക്കും ഇ-ഫയൽ വഴിയുള്ള ഫയൽ നീക്കം അറിയാൻ കഴിയുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇ-ഓഫീസ് ഘട്ടം ഘട്ടമായാണ് നടപ്പിലാക്കുന്നത്. സെക്രട്ടേറിയറ്റിലും എല്ലാ സർക്കാർ വകുപ്പുകളിലും ഇ-ഓഫീസ് നടപ്പാക്കുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്. സെക്രട്ടേറിയറ്റിൽ നിലവിൽ 27 വകുപ്പുകളിൽ ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള വകുപ്പുകളിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നുവരുന്നു. റവന്യൂ വകുപ്പിന് കീഴിൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും എല്ലാ കളക്ടറേറ്റുകളിലും സബ് കളക്ടറേറ്റുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) പൊതുജനങ്ങൾക്ക് ഫയലിന്റെ തൽസ്ഥിതി സംബന്ധിച്ച വിവരം ലഭ്യമാകുന്ന സിറ്റിസൺ ഇന്റർഫേസ്, ഇ-ഓഫീസിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്റർനെറ്റിലെ http://eoffice.kerla.gov.in എന്ന യു.ആർ.എൽ. മുഖാന്തരം പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഇത് ലഭ്യമാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly